പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1680 02.07.2015 - ൽ മറുപടിയ്ക്ക്

**ചേർത്തല മണ്ഡലത്തിൽ സ്നേഹപൂർവ്വം പദ്ധതി പ്രകാരമുള്ള തുക വിതരണം**

ചോദ്യം

ശ്രീ. പി. തിലോത്തമൻ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാതാപിതാക്കളിൽ ആരെ ങ്കിലും ഒരാളോ, രണ്ടു പേരുമോ മരണ മടഞ്ഞു പോയ കേസുകളിൽ വിദ്യാർ ത്ഥികളായ മക്കൾക്ക് പ്രതിമാസ സാമ്പത്തിക ആനുകൂല്യം നൽകുന്ന സ്നേഹപൂർവ്വം പദ്ധതി പ്രകാരം ചേർത്തല മണ്ഡലത്തിലെ വിവിധ സ്കൂളുകളിലെ എത്ര കുട്ടികൾ അർഹരാണെന്ന് കണ്ടെത്തി യിട്ടുണ്ട് എന്ന് അറിയിക്കാമോ ; ഇവർക്ക് ലഭിക്കേണ്ട തുക കുടിശ്ശിക തീർത്ത് വിതരണം ചെയ്തിട്ടുണ്ടോ എന്ന് അറിയി ക്കാമോ ; എല്ലാ മണ്ഡലങ്ങ ളിലും തുക വിതരണം എപ്രകാരമാണ് എന്ന് വ്യക്തമാക്കാമോ ; | (എ) | ചേർത്തല മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ നിന്നും ലഭിച്ച അപേക്ഷകരിൽ 374 കുട്ടികൾ സ്നേഹപൂർവ്വം പദ്ധതി ധനസഹായത്തിന് അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപന ങ്ങളിൽ നിന്നും 14.05.2015 വരെ ലഭിച്ച Computer generated list ലെ എല്ലാകുട്ടികൾക്കും തുക അവരവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് വിതരണം ചെയ്യുന്നതിനായി ബാങ്കിൽ നൽകിയിട്ടുണ്ട്. ഇവർക്ക് ലഭിക്കേണ്ട തുക കുടിശ്ശിക തീർത്ത് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | സ്നേഹപൂർവ്വം പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ള കുട്ടികളുടെ പേരുകൾ അതത് സ്കൂൾ അധികൃതർ തന്നെ ഓൺലൈനായി രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശി ച്ചിരിക്കുന്ന സാഹചര്യ ത്തിൽ അർഹരായ കുട്ടികളുടെ പേരുകൾ യഥാസമയം രജിസ്റ്റർ ചെയ്യാത്ത അധികാരി കൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ ; ഇതു സംബന്ധിച്ച വിശദവിവരം നൽകുമോ ? | (ബി) | ഇപ്രകാരം ആക്ഷേപം ഉണ്ടാകുകയോ പരാതി ലഭിക്കുകയോ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ